ജ: കർത്താവേ, അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു, അങ്ങയുടെ ഉയിർപ്പിൽ ഞങ്ങൾ വിശ്വസിക്കുന്നു; അങ്ങയുടെ വരവു ഞങ്ങൾ കാത്തിരിക്കുന്നു.

...

... ദൈവമേ, സർവ്വശക്തനായ പിതാവേ അങ്ങേയ്ക്ക് ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽതന്നെ, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എല്ലാ മഹിമയും ആരാധനയും എന്നും എന്നേയ്ക്കും... ജ: ആമ്മേൻ

## ദിവ്യകാരുണ്യ സ്വീകരണകർമ്മം

പു.: നമ്മുടെ കർത്താവു കല്പിച്ചതും പഠിപ്പിച്ചതും അനുസരിച്ച് പ്രത്യാശയോടെ നമുക്കു പ്രാർത്ഥിക്കാം
ജ.: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

പു.: കർത്താവേ എല്ലാ തിന്മകളിൽനിന്നും ഞങ്ങളെ മോചിക്കണമേ.
ഈ കാലയളവിലും .... ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ജ.: എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെന്നേയ്ക്കും അങ്ങയുടെതാകുന്നു.

പു.: "അന്ത്യദാനമായ സമാധാനം നിങ്ങൾക്കു നൽകുന്നു; എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു" .... എന്നെന്നും ജീവിച്ചു വാഴുന്ന അങ്ങ് ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമെ.
ജ.: ആമ്മേൻ

പു.: കർത്താവിൻെറ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.
ജ.: അങ്ങയോടും കൂടെ
പു.: നമുക്കു പരസ്പരം സമാധാനം ആശംസിക്കാം

ജ.: ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടേ,
ഞങ്ങളിൽ കനിയേണമെ (2)
ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടേ,
ഞങ്ങൾക്കു ശാന്തി നൽകേണമേ.

പു.: ഇതാ, ദൈവത്തിൻെറ കുഞ്ഞാട്, ഇതാ ... ഭാഗ്യമുള്ളവർ.
ജ.: കർത്താവേ, അങ്ങ് എൻെറ ഭവനത്തിൽ വരുവാൻ യോഗ്യത എനിക്കില്ല.
അങ്ങ് ഒന്നു കല്പിച്ചാൽ മതി, എൻെറ ആത്മാവ് സുഖം പ്രാപിക്കും.

**ദിവ്യകാരുണ്യസ്വീകരണം**

നമുക്കു പ്രാർത്ഥിക്കാം ജ.: ആമ്മേൻ
പു.: കർത്താവു നിങ്ങളോടു കൂടെ ജ.: അങ്ങയോടും കൂടെ
പു.: സർവ്വശക്തനായ ദൈവം +... ജ.: ആമ്മേൻ
പു.: ക്രിസ്തുവിൻെറ സ്നേഹത്തിലും സമാധാനത്തിലും നമുക്കു ജീവിക്കാം;
ദിവ്യ പൂജ സമാപിച്ചു. ജ.: ദൈവത്തിനു സ്തുതി!

- Thomas Kalathil, 2015



## കുർബ്ബാനക്രമം . ലത്തീൻ രീതി

പു: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ
ജ: ആമ്മേൻ.
പു: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കൃപയും
പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും നിങ്ങളോടുകൂടെ.
ജ: അങ്ങയോടും കൂടെ
സഹോദരരേ, ഈ ദിവ്യരഹസ്യം തക്കതായ ഒരുക്കത്തോടെ കൊണ്ടാടുന്നതിനായി
നമ്മുടെ പാപങ്ങൾ ഓർത്ത് മന:സ്തപിച്ച് ഏറ്റുപറയാം.

(അൽപനേരം മൗനം)

അനുതാപകീർത്തനം:

നിൻ ദിവ്യ പാദാന്തികത്തിൽ നിന്നു
കേഴുന്നു മാപ്പിനായ് നാഥാ
അന്ധരായ് മുന്നോട്ടു നീങ്ങി
ഞങ്ങൾ ചെയ്തുപോയ് പാപങ്ങളേറെ.

സ്വർഗ്ഗത്തിൽ നിന്നുനീ വന്നു മന്നിൽ
പാപിയെത്തേടി നടന്നു
നിൻതിരു രക്തം നീ ചിന്തി
നിൻെറ പ്രാണൻ വെടിഞ്ഞു നീ ക്രൂശിൽ

കെൽപ്പക്ഷയത്താലെ വന്ന സർവ്വ
പാപങ്ങളും നീ ക്ഷമിക്കൂ
കെൽപ്പെഴും നിൻ കരം നീട്ടി നിത്യം
ഞങ്ങളെ താങ്ങണേ നാഥാ

അഥവാ

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണെ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം

നീതിമന്യനായ് അന്യരെത്താഴ്ത്തി
ദുർവ്വിധികൾ ഞാൻ ചെയ്തില്ല
പാപകാരണം അന്യരാണെന്ന
ന്യായവാദവും ചെയ്തില്ല

ആത്മവഞ്ചന ചെയ്തു ഞാനെൻെറ
പാപത്തെ പൂഴ്ത്തി വയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്നു
ചൊല്ലും വിഡ്ഢി ഞാനാകില്ല

പു: സർവ്വശക്തനായ ദൈവം കനിഞ്ഞ് പാപങ്ങൾ പൊറുത്തു നമ്മെ നിത്യജീവിതത്തിലേയ്ക്ക് നയിക്കുമാറാകട്ടെ.
ജ: ആമ്മേൻ

കർത്താവേ കനിയേണമേ
ക്രിസ്തുവേ കനിയേണമേ
കർത്താവേ കനിയേണമേ

പു.: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ജ: ഭൂമിയിൽ സന്മനസ്സുള്ളവർക്ക് ശാന്തിയുമേ.

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു
ആരാധിച്ചങ്ങയെ വാഴ്ത്തുന്നു ദിവ്യ മഹിമകൾ പാടുന്നു

അങ്ങേ മഹാമഹിമയ്ക്കിതാ നന്ദി ചൊല്ലുന്നിവർ താഴ്മയായ്
ദൈവമേ കർത്താവാം അങ്ങയെ വാഴ്ത്തുന്നു സ്വർല്ലോക രാജനെ

സർവ്വൈക ശക്തനാം ദൈവമേ താതനാമങ്ങയെ വാഴ്ത്തുന്നു
ഏകാത്മജാ ദൈവസൂനുവേ കർത്താവാം ശ്രീയേശു ക്രിസ്തുവേ

ദൈവമേ കർത്താവാമങ്ങയെ വാഴ്ത്തുന്നു ദൈവത്തിൻ ദൈവത്തിൻ കുഞ്ഞാടേ
താതനാം ദൈവത്തിൻ സൂനുവേ അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു.

ലോകത്തിൻ പാപ നിഹന്താവേ കാരുണ്യം തൂകണേ ഞങ്ങളിൽ
ലോകത്തിൻ പാപ നിഹന്താവേ ഞങ്ങൾ തൻ പ്രാർത്ഥന കേൾക്കണെ

നിത്യ പിതാവിൻെറ പാർശ്വത്തിൽ നേർവലം ഭാഗത്തിരുന്നീടും
ഞങ്ങൾ തൻ രക്ഷകനേശുവേ കാരുണ്യം തൂകണേ ഞങ്ങളിൽ

സത്യ സ്വരുപൻ പിതാവുതൻ നിത്യമഹിമാവിൻ തേജസ്സിൽ
പാവനാത്മാവു തൻ ഐക്യത്തിൽ വാഴുന്ന ക്രിസ്തുവാം യേശുവേ

അങ്ങുമാത്രം പരിപാവനൻ അങ്ങുതാനേകനാം നാഥനും
അങ്ങുമാത്രം പരമോന്നതൻ ത്രിത്വൈക ദൈവ മഹത്വത്തിൽ. ആമ്മേൻ

നമുക്കു പ്രാർത്ഥിക്കാം.
ജ: ആമ്മേൻ

**വചനപ്രഘോഷണം:**

*(വായന അവസാനിക്കുമ്പോൾ)*

ദൈവ വചനമാണ് നാം കേട്ടത് ജ: നമുക്കു ദൈവത്തെ സുതുതിക്കാം.

പ്രതിവചന കീർത്തനം:

**സുവിശേഷപ്രഘോഷണം:**

പു: കർത്താവു നിങ്ങളോടു കൂടെ ജ: അങ്ങയോടും കൂടെ
പു: വി. .............എഴുതിയ സുവിശേഷം. ജ: കർത്താവേ അങ്ങേയ്ക്ക് മഹത്വം

പു.: ദൈവ വചനമാണു നാം കേട്ടത് ജ: ക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി.

ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നു.... (ഞായറാഴ്ചകളിലും പ്രധാന തിരുനാളുകളിലും)
വിശ്വാസികളുടെ പ്രാർത്ഥന:

സ്തോത്ര യാഗ കർമ്മം:



പു.: എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ....
ജ: ദൈവമേ അങ്ങ് വാഴ്ത്തപ്പെടട്ടെ!

പു.: എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഈ വീഞ്ഞ് ...
ജ: ദൈവമേ അങ്ങ് വാഴ്ത്തപ്പെടട്ടെ!

പു.: സഹോദരരേ എൻെറയും നിങ്ങളുടെയും ബലി സർവ്വശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകുവാൻവേണ്ടി പ്രാർത്ഥിക്കുവിൻ
ജ: കർത്താവു തൻെറ നാമത്തിനും സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും സാർവ്വത്രിക സഭയുടെയും നന്മയ്ക്കുമായി അങ്ങയുടെ കരങ്ങളിൽ നിന്നും ഈ ബലി സ്വീകരിക്കുമാറാകട്ടെ.

നൈവേദ്യപാർത്ഥന:

നമുക്കു പ്രാർത്ഥിക്കാം. ജ: ആമ്മേൻ

**സ്തോത്രയാഗപ്രാർത്ഥന**

ആമുഖഗീതി:
പു.: കർത്താവു നിങ്ങളോടുകൂടെ ജ: അങ്ങയോടും കൂടെ
പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ ജ: ഇതാ ഞങ്ങൾ ഉയർത്തിയിരിക്കുന്നു
പു: നമ്മുടെ കർത്താവായദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം ജ: അതുചിതവും ന്യായവുമത്രെ.

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,
സൈന്യങ്ങളുടെ കർത്താവായ ദൈവം,
ആകാശവും ഭൂമിയും അങ്ങേ മഹിമയാൽ
നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഹോസാന
കർത്താവിൻെറ നാമത്തിൽ വരുന്നവൻ
അനുഗ്രഹീതൻ.
അത്യുന്നതങ്ങളിൽ ഹോസാന

*ഗാനരൂപം:*

പരിശുദ്ധൻ...പരിശുദ്ധൻ...പരിശുദ്ധൻ...
സൈന്യങ്ങൾ തൻ കർത്താവാം
ദൈവം പരിശുദ്ധൻ...

നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞു മഹിയും വിണ്ടലവും..
ഹോസാന...ഹോസാന
അത്യുന്നതങ്ങളിൽ...ഹോസാന...ഹോസാന

കർത്താവിൻ തിരുനാമത്തിൽ
വരുവോനേറ്റം ധന്യനുമാം
ഹോസാന...ഹോസാന
അത്യുന്നതങ്ങളിൽ ഹോസാന...ഹോസാന

**സ്തോത്രയാഗ പ്രാർത്ഥന**

പു: പിതാവേ, അങ്ങ് പരമ പരിശുദ്ധനാകുന്നു....

– വിശ്വാസത്തിൻെറ ഈ മഹാരഹസ്യം നമുക്ക് പ്രഖ്യാപിക്കാം...